(സി) ഇല്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിക്കുന്നത് സർക്കാർ പരിഗണനയിലാണ്. മറ്റ് കോഴ്സുകൾക്ക് ആനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന കുട്ടികളുടെ സ്റ്റേറ്റ്മെന്റ് അനുസരിച്ച് ഫീസ്, സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് എന്നിവ ഡിമാന്റ് ഡ്രാഫ്റ്റായി അതതു സ്ഥാപന മേധാവികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അയച്ചു കൊടുക്കുന്നു.

(ഇ) സി.ബി.എസ്.ഇ. സ്കീം അനുസരിച്ച് പഠിക്കുന്ന പട്ടികജാതി കുട്ടികൾ ഒടുക്കിട്ടുള്ള ഫീസ് ബന്ധപ്പെട്ട താലൂക്ക്/ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സ്ഥാപന മേധാവി നൽകുന്ന കുട്ടികളുടെ ലിസ്റ്റ് അനുസരിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ ക്ഷേമത്തിന്**

14 (177) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്ഷേമത്തിന് ഈ സാമ്പത്തിക വർഷത്തിൽ എന്തു തുക ആകെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ക്ഷേമ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചുവെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) പദ്ധതി പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 49104.14 ലക്ഷം രൂപ

(ബി) തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

**അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ**

15 (178) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ സർക്കാരിൽ നിന്നും നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഏതു ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിലുള്ള ലംപ്സംഗ്രാന്റും ഫീസാനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യം ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

**കായംകുളത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

**16 (179)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിക്കണമെന്ന കായംകുളം എം.എൽ.എയുടെ ആവശ്യത്തിൻ മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) അഞ്ചൂറിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന എം.എസ്.എം കോളേജ് സ്ഥിതി ചെയ്യുന്ന കായംകുളത്ത് ഹോസ്റ്റൽ തുടങ്ങുവാൻ ആവശ്യത്തിന് വിദ്യാർത്ഥികളില്ല എന്ന ഏതെങ്കിലും റിപ്പോർട്ട് ഉദ്യോഗസ്ഥൻമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം തെറ്റായ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതു നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.യുടെ ആവശ്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ 20 വർഷമായി പുതിയ പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ അനുവദിച്ചിട്ടില്ല. ആ സാഹചര്യത്തിലും സർക്കാരിന്റെ സാമ്പത്തിക മിതവ്യയ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിലും തൽക്കാലം ഈ ആവശ്യം തീരുമാനത്തിനായി മാറ്റി വച്ചിരിക്കുകയാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) തെറ്റാണെന്ന് കണ്ടാൽ നടപടിയെടുക്കുന്നതാണ്.

**തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ**

**17 (180)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly